# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2514 — 27.01.2014 ൽ മറുപടിക്ക്

## സമഗ്ര ആരോഗ്യ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സമഗ്ര ആരോഗ്യ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സമഗ്രമായ ഒരു ആരോഗ്യ നയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തുമോ; | (ബി) മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് ലഭ്യമാക്കുന്ന നടപടി ആരോഗ്യനയത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) പ്രസ്തുത നയം രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ? | (സി) സംസ്ഥാനത്തിന് ഒരു പൊതുജനാരോഗ്യനയം തയ്യാറാക്കുന്നതിന് വേണ്ടി സർക്കാർ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി. വിദഗ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ട് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും വിവിധ വിഭാഗം ജനങ്ങളിൽ /സംഘടനകളിൽ നിന്നും അഭിപ്രായം ആരായുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിച്ച കരട് നയത്തിന്റെ വിശദാംശങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ അടങ്ങുന്ന യോഗത്തിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയുണ്ടായി. തുടർന്ന് 2014 ജനുവരി 22 ന് ആരോഗ്യ വകുപ്പ് സെക്രട്ടറി ആരോഗ്യവകുപ്പിനു കീഴിൽ വരുന്ന വകുപ്പുദ്യോഗസ്ഥരുമായി പ്രസ്തുത വിഷയം ചർച്ച ചെയ്യുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ